


എമ്മാവൂസ്

# വചനദൂത്

Vol. X Issue :22



ബ്രദർ തോമസ് മുതുകാട്ടിൽ


# വിശ്വാസജീവിതം സഭാസ്നേഹത്തിലേക്കുള്ള വാതിൽ

## പത്രോസിന്റെ വിശ്വാസ പ്രഖ്യാപനം

പുറ. 40: 11–29, ഏശ. 16: 1–8
1 കൊറി. 13: 1–13
മത്താ. 16: 13–19

മിശിഹായിൽ സ്നേഹം നിറഞ്ഞ സഹോദരങ്ങളെ,

ആരാധനക്രമവത്സരത്തിലെ പള്ളിക്കൂദാശ കാലഘട്ടത്തിലേക്ക് നാമിന്ന് പ്രവേശിക്കുകയാണ്. ഇതിനെ സമർപ്പണകാലമെന്നും വിളിക്കാറുണ്ട്. സഭയുടെ ശ്രേഷ്ഠതയെയും മഹത്വത്തെയും കുറിച്ച് ധ്യാനിക്കാനായി മാറ്റി വയ്ക്കപ്പെട്ടിരിക്കുന്ന കാലഘട്ടമാണിത്. ചരിത്രവുമായി ബന്ധപ്പെടുത്തി പരിശോധിച്ചാൽ ജറുസലേം ദൈവാലയത്തിന്റെ പുനഃപ്രതിഷ്ഠ ആഘോഷിച്ചതുമായി ബന്ധപ്പെട്ട് വളർന്ന പാരമ്പര്യമായി ഈ കാലഘട്ടത്തെ കാണാം. പത്രോസാകുന്ന പാറമേൽ സ്ഥാപിതവും, പുതിയ ഉടമ്പടിയുടെ കൂടാരവും മിശിഹായുടെ മണവാട്ടിയുമായ തിരുസഭയെ മിശിഹാ യുഗാന്ത്യത്തിൽ സ്വീകരിക്കുന്നതാണ് ഈ കാലഘട്ടത്തിന്റെ മുഖ്യപ്രമേയം.

പത്രോസ് ശ്ലീഹാ ഏറ്റുപറഞ്ഞ വിശ്വാസമാണ് സഭയുടെ അടിത്തറ. പത്രോസാകുന്ന പാറമേൽ ആണ് ഈ സഭയെ അവിടുന്ന് സ്ഥാപിച്ചത്. സഭ നമുക്ക് അമ്മയും ദൈവവുമാണ്. പത്രോസ് ശ്ലീഹാ ഏറ്റുപറഞ്ഞ വിശ്വാസ പ്രഖ്യാപനത്തിന്റെ ആന്തരീകതലങ്ങളിലേക്ക് കടന്നുചെല്ലാൻ സഭ നമ്മെ ക്ഷണിക്കുന്നു. ഇന്നത്തെ സുവിശേഷ വായനയിൽ നാമിന്ന് വായിച്ചുകേട്ടത് മത്തായിയുടെ സുവിശേഷം 16-ാം അദ്ധ്യായം 13 മുതലുള്ള വചനങ്ങളാണ്. യേശു തന്റെ ശിഷ്യരോട് തന്നെക്കുറിച്ചുള്ള ജനത്തിന്റെ അഭിപ്രായം ആരായുകയാണ്. ഒടുവിൽ യേശു അവരോട് ഇപ്രകാരം ചോദിക്കുന്നു. “ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്?” യേശു പ്രസ്തുത ചോദ്യം ചോദിക്കുന്നത് കേസറിയാ ഫിലിപ്പി പ്രദേശത്ത് വച്ചാണ് എന്നത് ശ്രദ്ധേയമായൊരു കാര്യമാണ്. യേശു ഇവിടെവച്ചുതന്നെ തന്റെ ശിഷ്യരോട് ഈ ചോദ്യം ചോദിക്കുന്നു എങ്കിൽ അതിന് ചില കാരണങ്ങൾ ഉണ്ടായിരിക്കണം.

ഇസ്രായേലിന്റെ വടക്കു കിഴക്കായി സ്ഥിതിചെയ്യുന്ന മലനിരകളിൽ ഏറ്റവും ഉയരം കൂടിയ പർവ്വതമാണ് ഹെർമ്മോൻ. ഇതിന്റെ അടിവാരത്താണ് കേസറിയാ ഫിലിപ്പി സ്ഥിതി ചെയ്യുന്നത്. വിജാതീയ ദേവന്മാരുടെ അമ്പലങ്ങളും ആരാധനകളുംകൊണ്ട് ചരിത്രപരമായി ഏറെ പ്രസിദ്ധമായ സ്ഥലമാണ് കേസറിയാ-ഫിലിപ്പി. സീസറിന്റെ പ്രതിമയും, പാൻ ദേവന്റെയും ബാൽ ദേവന്റെയും പ്രതിഷ്ഠകളുംകൊണ്ട് നിറഞ്ഞതാണ് ഈ സ്ഥലം. അലക്സാണ്ടർ ചക്രവർത്തി ഈ സ്ഥലം കീഴടക്കിയപ്പോൾ ഇവിടെ ആരാധന വിഷയമായിരുന്ന ബാൽ ദേവനെ മാറ്റി പകരം പാൻദേവനെ പ്രതിഷ്ഠിച്ചു. അങ്ങനെ ഈ സ്ഥലം ബനിയാസ് എന്നും പാനെയാസ് എന്നുമൊക്കെ അറിയപ്പെട്ടു തുടങ്ങി. ഈ ദേശത്തിന്റെ തലസ്ഥാനമാണ് കേസറിയാ-ഫിലിപ്പി പ്രദേശം.

ഹേറോദോസ് രാജാവിന്റെയും ക്ലിയോപാട്രയുടെയും മകനും, ഹേറോദോസ് അന്തിപാത്തറിന്റെ സഹോദരനുമായ ഫിലിപ്പ് രാജാവ് പട്ടണം പുതുക്കി പണിതു. ഫിലിപ്പ് രാജാവ് സീസർ ചക്രവർത്തിയെ പ്രീതിപ്പെടുത്താനായി ഈ പട്ടണപ്രദേശത്തെ അദ്ദേഹത്തിന്റെ പേരിൽ പ്രതിഷ്ഠിച്ചു. അങ്ങനെ പ്രസ്തുത സ്ഥലം ഇരുവരുടെയും പേരിൽ അറിയപ്പെട്ടു തുടങ്ങി. കേസറിയാ-ഫിലിപ്പി. സീസർ, കൈസർ എന്ന പദത്തിൽനിന്നു രൂപം കൊണ്ടതാണ് കേസറിയാ എന്ന പദം. സ്വയം ദൈവമായി പ്രഖ്യാപിച്ച വ്യക്തിയായിരുന്നു സീസർ.

അങ്ങനെ ആരാധിക്കപ്പെടാനായി അദ്ദേഹത്തിന്റെ പ്രതിമയും അവിടെ സ്ഥാപിച്ചിരുന്നു. അങ്ങനെ വിവിധങ്ങളായ ആചാരാനുഷ്ഠാനങ്ങളും വിശ്വാസരീതികളും, ദേവന്മാരും ആരാധനാലയങ്ങളുടെയുമൊക്കെ സംഗമസ്ഥലത്തുവച്ചാണ് യേശു പ്രസ്തുത ചോദ്യം ചോദിക്കുന്നത്. “ഞാൻ ആരാണെന്നാണ് ജനം പറയുന്നത്” എന്ന്. ശിരച്ഛേദനം ചെയ്യപ്പെട്ട സ്നാപക യോഹന്നാൻ ഉയർത്തതായിട്ടാണ് യേശുവിനെ കണ്ടത്. കാരണം സ്നാപക യോഹന്നാനിലുണ്ടായിരുന്ന പല പ്രത്യേകതകളും യേശുവിലുണ്ടായിരുന്നു. അതിനാൽ ചിലർ യേശുവിൽ സ്നാപക യോഹന്നാനെ കണ്ടു. വേറെ ചിലർ യേശുവിനെ പ്രവാചകനായ ഏലിയാ ആയിട്ടാണ് കണ്ടത്. ഇനിയും മറ്റൊരു കൂട്ടർ യേശുവിൽ ജറെമിയായെ കണ്ടു. എങ്കിൽ മറ്റു ചിലർ പ്രവാചകന്മാരിൽ ഒരുവനായി യേശുവിനെ കണ്ടു.

പ്രിയമുള്ളവരെ, ഇന്നും ലോകം യേശുവിനെ വീക്ഷിക്കുന്നത് വ്യത്യസ്ഥ വിധത്തിലാണ്. ചിലർക്ക് യേശു ഒരു പ്രവാചകനാണെങ്കിൽ മറ്റ് ചിലർക്ക് ഒരു മതസ്ഥാപകനാണ്. ഇനിയും വേറെ ചിലർക്ക് ഒരു ആദർശധീരനായ വിപ്ലവകാരിയാണ് യേശു. ഇങ്ങനെപോകുന്നു ലോകം യേശുവിനെ കാണുന്നവിധവും.

ഇനി ഇതേ സ്ഥലത്ത് വച്ച് യേശുവിന്റെ രണ്ടാമത്തെ ചോദ്യം “ഞാൻ ആരെന്നാണ് നിങ്ങൾ പറയുന്നത്? ഉടൻ പത്രോസ് തന്റെ വിശ്വാസ പ്രഖ്യാപനം നടത്തുന്നു. “നീ ജീവനുള്ള ദൈവത്തിന്റെ പുത്രനായ ക്രിസ്തുവാണ്”. പത്രോസിന്റെ ബുദ്ധിയുടെയും യുക്തിയുടെയും മികവുകൊണ്ടല്ല, സ്വർഗ്ഗസ്ഥനായ പിതാവ് വെളിപ്പെടുത്തിയതുകൊണ്ടാണ് യേശു ആരാണെന്ന് മനസ്സിലാക്കാനും ഏറ്റുപറയാനും സാധിച്ചത്.

യേശുവിൽ വിശ്വസിക്കുന്നു, പ്രാർത്ഥിക്കുന്നു, പള്ളിയിൽപോകുന്നു എന്നതിൽ കവിഞ്ഞ് യേശുവുമായി ഒരു അടുത്ത വ്യക്തിബന്ധം സ്ഥാപിക്കാൻ നാം പരിശ്രമിക്കണം. അതിനുവേണ്ടി തീക്ഷ്ണമായി ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും വേണം. ഈ ഒരു ദൈവാനുഭവം ഉണ്ടാകുന്നതുവരെയും നമ്മുടെ ജീവിതവും ആത്മീയ ജീവിതവുമൊക്കെ കേവലം തത്വമായി ഒതുങ്ങും. പലരും പറഞ്ഞും, പഠിപ്പിച്ചും തന്നതിലുപരി ആഴങ്ങളിലേക്കുള്ള വ്യക്തിബന്ധം സ്ഥാപിക്കാൻ ഒരു ദൈവാനുഭവം നമുക്കാവശ്യമാണ്. യേശുവിനെ അനുഭവിച്ചറിഞ്ഞവന്, യേശുവിൽ നിധി കണ്ടെത്തിയവന്, യേശുവിനെ ആസ്വദിച്ചവന് യേശുവുമായി താരതമ്യം ചെയ്യുമ്പോൾ മറ്റെല്ലാം വിലയില്ലാത്തതായി തോന്നും. അത്രയ്ക്കും ശക്തമാണ് യേശുവിന്റെ സ്നേഹത്തിന്റെ മാധുര്യവും ലഹരിയും. ആദിമസഭയിൽ മതമർദ്ദനവും, പീഡനങ്ങളും ഞെരുക്കങ്ങളുമൊക്കെ ഉണ്ടായപ്പോൾ യേശുവിലുള്ള വിശ്വാസത്തെ പ്രതി മറ്റെന്തും, സ്വന്തം ജീവനെത്തന്നെയും ത്യജിക്കാൻ, അതിൽ ആനന്ദം കണ്ടെത്താൻ അവർക്കു കഴിഞ്ഞത് ക്രിസ്തുവിലുള്ള ഉറച്ച വിശ്വാസവും സ്നേഹവുമാകുന്നു. കേസറിയാ-ഫിലിപ്പിയിൽ വച്ച് യേശുവിനെ ഏറ്റുപറഞ്ഞ പത്രോസ് ശ്ലീഹാ പെന്തക്കുസ്തായ്ക്ക്ശേഷം വാക്കുകണ്ടും ജീവിതംകൊണ്ടും യേശുവിനെ ഏറ്റുപറഞ്ഞു. ഒടുവിൽ അവനെ പ്രതി തലകീഴായി കുരിശിൽ തറയ്ക്കപ്പെടാനും രക്തസാക്ഷിയാകാനും കിട്ടിയ അവസരം ഒരു ഭാഗ്യമായി ശ്ലീഹാ കരുതി. ഹെബ്രായർക്ക് എഴുതപ്പെട്ട ലേഖനം 11-ാം അദ്ധ്യായം 26-ാം വാക്യത്തിൽ ഇപ്രകാരം നാം വായിക്കുന്നു. “ക്രിസ്തുവിനെ പ്രതി സഹിക്കുന്ന നിന്ദനങ്ങൾ ഈ ജീവിതത്തിലെ നിധികളെക്കാൾ വിലപ്പെട്ട സമ്പത്തായി അവൻ (മോശ) കരുതി.”

പതിനെട്ടാമത്തെ വചനത്തിൽ യേശു ഇപ്രകാരം പറയുന്നു. “നീ പത്രോസാകുന്നു, ഈ പാറമേൽ എന്റെ സഭ ഞാൻ സ്ഥാപിക്കും.” എന്ന വചനം ചില സത്യങ്ങൾ വെളിപ്പെടുത്തുന്നുണ്ട്. സഭ ക്രിസ്തുവിന്റേതാണ്, നമ്മുടെതല്ല, നമ്മുടെ ഭൗതികമായ പടുത്തുയർത്തലുകളല്ല സഭയെ സഭയാക്കി മാറ്റുന്നത്. അത് വൈദീകരോ, മെത്രാന്മാരോ, മാർപാപ്പയോ, അപ്പസ്തോലന്മാർപോലുമോ ഉണ്ടാക്കിയെടുത്ത ഒരു പ്രസ്ഥാനമല്ല. പത്രോസാകുന്ന പാറമേൽ യേശുക്രിസ്തു സ്ഥാപിച്ച ദൈവഭവനമാണ് സഭ. സഭയ്ക്കെതിരെ ആരോപണങ്ങളും, കുറ്റങ്ങളും, ഉപദ്രവങ്ങളുമൊക്കെ ഉണ്ടാകുമ്പോൾ നമുക്കുണ്ടാകേണ്ട മനോഭാവം സഭയോട് ചേർന്നുനിൽക്കുക എന്നതാണ്. സഭയോടുള്ള നമ്മിലെ സ്നേഹം ജ്വലിക്കട്ടെ. സഭയുടെ ഒരു നല്ല വിശ്വസ്ത സന്താനമായിരിക്കുക. വി. സിപ്രിയൻ പറയുന്നു. ‘തിരുസഭ നിനക്കു മാതാവല്ലെങ്കിൽ ദൈവം നിനക്ക് പിതാവായിരിക്കുകയില്ല.” ഈ സത്യം ഗ്രഹിച്ച് ഏറെ ബഹുമാനത്തോടെ സഭയെ വീക്ഷിക്കാൻ നമുക്ക് കഴിയട്ടെ. കർത്താവ് കുരിശിൽ മരിച്ച് വീണ്ടെടുത്ത് സ്വന്തമാക്കിയ ദൈവജനത്തിന്റെ കുടുംബമാണ് തിരുസഭ. ദൈവം കൃപയും രക്ഷയും സഭയിലൂടെയാണ് ലോകത്തിലേക്ക് ചൊരിയുന്നത്, പ്രത്യേകിച്ച്, സഭയിലെ പരിശുദ്ധ കുർബ്ബാനയിലൂടെയാണ് മനുഷ്യരുടെ പാപപരിഹാരാർത്ഥം കാൽവരിയിൽ അർപ്പിച്ച അതേ ബലി ഇന്നു ഈ കുർബാനയിലൂടെ ആവർത്തിച്ചുകൊണ്ടിരിക്കുന്നു. ഈ ബലിയർപ്പണമില്ലായിരുന്നെങ്കിൽ ലോകത്തിന്റെ പാപഭാരത്താൽ ദൈവനീതിയുടെ കരമുയരാനും, ലോകം നശിച്ചുപോകാനും കാരണമായേനെ. പിതാവിന്റെ സന്നിധിയിൽ മാധ്യസ്ഥ്യം അപേക്ഷിക്കുന്ന യേശുവിന്റെ ബലിയിലാണ്, വി.കുർബാനയിലാണ് നാമിപ്പോൾ പങ്കെടുത്തുകൊണ്ടിരിക്കുന്നത്. നന്ദി നിറഞ്ഞ മനസ്സോടെ സഭയോട് ചേർന്ന് നമുക്കി ബലി തുടരാം. മിശിഹാ സഭയിലൂടെ നമ്മെ എല്ലാവരെയും സമൃദ്ധമായി അനുഗ്രഹിക്കട്ടെ. ആഴമായൊരു ദൈവാനുഭവത്തിനായി നമുക്ക് ഈ ബലിയിൽ പ്രാർത്ഥിക്കാം.

ആമേൻ.